**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** **15-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനുള്ള സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, ശ്രീ. സണ്ണി ജോസഫ്, ശ്രീ. സി. ആർ. മഹേഷ്, ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ച് വ്യവസായങ്ങൾക്കും അനുബന്ധ വികസനത്തിനുമുള്ള സാധ്യതകൾ കണ്ടെത്തുന്നതിനായി കൺസൽട്ടൻസിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനക്ഷമ മാകുന്നതോട് കൂടി പ്രസ്തുത പ്രദേശത്ത് നിരവധി വ്യവസായങ്ങൾക്കും അനുബന്ധ വികസനങ്ങൾക്കും സാധ്യതയുണ്ട്. ടി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം വിഴിഞ്ഞത്തെയും സമീപ പ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കൂടി കഴിയും. തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാദ്ധ്യതകൾ പരിശോധിക്കുന്ന തിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിലേക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺസൽട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കൺസൽട്ടന്റിനെ കണ്ടെത്തുന്നതിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | ഏത് ഏജൻസിയെയാണ് കൺസൽട്ടൻസിയായി നിയോഗിച്ചിട്ടുള്ളതെന്നും എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത കൺസൽട്ടൻസി പഠനവിധേയമാക്കുന്നതെന്നും വ്യക്തമാക്കുമോ; പ്രസ്തുത കൺസൽട്ടൻസി നടത്തുന്ന പഠനത്തിന് എന്തു തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ ; | (ബി) | കൺസൽട്ടന്റിനെ കണ്ടെത്തുന്നതിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടു കൂടി ടി പ്രദേശത്ത് നിരവധി വ്യവസായങ്ങൾക്കും അനുബന്ധ വികസനങ്ങൾക്കും സാധ്യതയുണ്ട്. തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാദ്ധ്യതകൾ പഠിച്ച് പദ്ധതികൾ തയ്യാറാക്കുവാനാണ് പ്രസ്തുത കൺസൽട്ടൻസി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത കൺസൽട്ടൻസി നടത്തുന്ന പഠനത്തിന് ചെലവാകുന്ന തുക ടെണ്ടർ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ വ്യക്തമാവുകയുള്ളൂ. |
| (സി) | വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ചുള്ള വികസന പ്രവർത്തനങ്ങളിൽ പരിസ്ഥിതി സൗഹൃദ ഭൂവിനിയോഗം ഉറപ്പാക്കുന്നതിനും സുസ്ഥിരവികസന | (സി) | പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | മാതൃകകൾ പിന്തുടരുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ